(ബി) ഇത്തരമൊരു പദ്ധതിയുടെ പ്രായോഗികതയും സാമ്പത്തികവശവും പരിശോധിക്കുവാൻ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

റീ-എംപ്ലോയ്മെന്റ് വഴി നിയമനം ലഭിച്ചവർ

22 (2735) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ-എംപ്ലോയ്മെന്റ് വഴി നിയമനം ലഭിക്കുന്നവർക്ക് ശമ്പളവും പൂർണ്ണ പെൻഷനും വാങ്ങാൻ അനുമതി നൽകുന്ന ഉത്തരവ് ഗവൺമെന്റ് ഇറക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ച തടസ്സവാദങ്ങൾ എന്തെല്ലാം ആണെന്നു വ്യക്തമാക്കുമോ ;

(ഡി) ഈ ഉത്തരവ് വീണ്ടും നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുണ്ടോ :

(ഇ) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയെങ്കിൽ ഈ ഉത്തരവ് അനുസരിച്ച് ഇതിനോടകം എത്രപേർ ആനുകൂല്യം വാങ്ങി എന്നും അവർ ആരൊക്കെ ആണെന്നും ഓരോരുത്തരും വാങ്ങിയ കുടിശ്ശിക തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി &സി) കോപ്പി ഇതോടൊപ്പമുണ്ട്, അക്കൗണ്ടന്റ് ജനറലിന്റെ തടസ്സവാദങ്ങൾ താഴെപ്പറയുന്നവയാണ്.

1. 23-3-1998 -ലെ ഉത്തരവുപ്രകാരം പുനർനിയമനം ലഭിക്കുന്ന പെൻഷൻകാർക്ക് പെൻഷനാനുകൂല്യങ്ങൾക്കു പുറമേ പുനർ നിയമന ശമ്പളവും, മുൻകാല പ്രാബല്യത്തോടെ നൽകുന്നതു കാരണം സർക്കാരിന് ഭീമമമായ സാമ്പത്തിക ബാദ്ധ്യതയുണ്ടാകും. അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽനിന്നും ഗസറ്റഡ് റാങ്കിലുള്ള ഉദ്യോഗസ്ഥൻമാരുടെ പുനർനിയമന ശമ്പളത്തിനു നൽകുന്ന അധികാരപത്രത്തിനു പുറമേ നോൺ ഗസറ്റഡ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെയും കമ്മീഷനുകളിലെയും, കമ്മിറ്റികളിലെയും മറ്റു കോർപ്പറേഷനുകളിലെയും സ്വയംഭരണ സ്ഥാപനങ്ങളിലെയും പുനർനിയമനം ലിഭിച്ചവരുടെ സംഖ്യയും കൂടെ കണക്കിലെടുക്കുമ്പോൾ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത നിശ്ചയമായും കനത്തതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

2. കേന്ദ്ര ഗവൺമെന്റും 1996-ലെ ശമ്പള പരിഷ്കരണത്തിനുശേഷം പോലും പുനർ നിയമനം ലഭിച്ച പെൻഷൻകാരുടെ കാര്യത്തിൽ ഇത്തരത്തിലുള്ള ഒരു നിലപാടു സ്വീകരിച്ചിട്ടില്ല. പുനർ നിയമനം ലഭിക്കുന്ന പെൻഷനർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻതുകയെ പൂർണ്ണമായും അവഗണിച്ചുകൊണ്ട് പുനർ നിയമന ശമ്പളം നിർണ്ണയിക്കുന്നതിനുള്ള നീക്കം കേന്ദ്ര ഗവൺമെന്റിൽ നിന്നും ഉണ്ടായിട്ടില്ല.

3. കേന്ദ്രത്തിലായാലും സംസ്ഥാനത്തിലായാലും പുനർ നിയമനം ലഭിക്കുന്ന പെൻഷൻകാർക്ക് റിട്ടയർമെന്റ് സമയത്ത് ലഭിച്ചുകൊണ്ടിരുന്ന ശമ്പളത്തെക്കാൾ കൂടുതൽ തുക പെൻഷനും പുനർ നിയമന ശമ്പളവും ചേർത്ത് ലഭിക്കാതിരിക്കത്തക്കവിധമാണ് പുനർ നിയമന ചട്ടങ്ങൾ ഇതുവരെയും ഉണ്ടാക്കിയിട്ടുള്ളത്.

4. കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള 27-10-1997 ലെ ഓഫീസ് മെമ്മോറാണ്ടം അനുസരിച്ച് പുനർ നിയമനം ലഭിക്കുന്നവർക്ക് അടിസ്ഥാന പെൻഷന് ഡി.ആർ അനുവദനീയമല്ല. ഇതിന് ഉപോൽബലമായ വിധി 8-12-1994 ൽ ബഹു സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുണ്ട്.

5. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 23-3-1998 ലെ ഉത്തരവിന് ഡി.എസ്. നകാര Vs. യൂണിയൻ ഓഫ് ഇന്ത്യ (എ.ഐ.ആർ. 1983 എസ്.സി. 130) എന്ന ബഹു. സുപ്രീം കോടതിയിലെ കേസുമായി നേരിട്ട് ബന്ധമൊന്നുമില്ല.

(ഡി) ഉത്തരവ് നിലനിൽക്കുന്നതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

വിദേശ മലയാളികളുടെ സമ്പാദ്യം വിനിയോഗിച്ച് പദ്ധതി

23 (2736) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ബാങ്കുകൾ നിക്ഷേപമായി സമാഹരിച്ച വിദേശ മലയാളികളുടെ സമ്പാദ്യം വിനിയോഗിച്ച് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണോ എങ്കിൽ ആയതിലേക്കുള്ള ശ്രമം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ മേഖലകൾക്കാണ് മുൻഗണന നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) വിദേശ മലയാളികളുടെ ഒരു വർഷത്തെ ശരാശരി നിക്ഷേപ സംഖ്യ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly